**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2837** **24-02-2026 - ൽ മറുപടിയ്ക്ക്**

**തൂണേരി-വേറ്റുമ്മൽ-കായപ്പനച്ചി-ടെയിൽ എൻഡ്-കനാൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നാദാപുരം നിയോജക മണ്ഡലത്തിൽ റവന്യൂ-ഇറിഗേഷൻ വകുപ്പുകൾ നടത്തിയ സംയുക്ത സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (എ) | കുറ്റ്യാടി ഡിവിഷനിലെ നാദാപുരം നിയോജകമണ്ഡലത്തിൽ തൂണേരി – വേറ്റുമ്മൽ ടെയിലെൻഡ് കനാലിന്റെ ഇറിഗേഷൻ ഭൂമിയുടെ അതിർത്തി നിർണയിക്കുന്നതിനായി, റവന്യൂ വകുപ്പ് സർവ്വെ പൂർത്തീകരിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തൂണേരി-വേറ്റുമ്മൽ-കായപ്പനച്ചി–ടെയിൽ എൻഡ്–കനാൽ പദ്ധതിക്ക് ഏറ്റെടുത്ത ഭൂമി അനധികൃതമായി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | റവന്യൂ വകുപ്പ് നടത്തിയ സർവ്വേയിൽ ഒരു കയ്യേറ്റം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇറിഗേഷൻ - റവന്യൂ വകുപ്പുകൾ സംയുക്തമായി സർവ്വേ നടത്തിയപ്പോൾ ഒന്നിലധികം കയ്യേറ്റങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെടുകയും, പ്രസ്തുത കൈയ്യേറ്റങ്ങൾ കൂടി ചേർത്ത് റിപ്പോർട്ട് ലഭ്യമാക്കാൻ റവന്യൂ വകുപ്പിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ റിപ്പോർട്ട് നാളിതുവരെയും ലഭ്യമായിട്ടില്ല. റവന്യൂ വകുപ്പിന് ലഭ്യമാക്കിയ സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും, എടച്ചേരി വില്ലേജ് ഓഫീസിൽ മഹസ്സർ ലഭ്യമാക്കുന്നതിനായി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പദ്ധതി പൂർത്തീകരണത്തിന് ബജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഡി) | 2026-27 വർഷത്തിൽ ബജറ്റിൽ പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയ്ക്ക് അനുസൃതമായി വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ